# പതിനാലാം കേരള നിയമസഭ

## സബ്ജക്ട് കമ്മിറ്റി IX
## (തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും)

## 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്

2016 ഒക്ടോബർ 28-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2016

പതിനാലാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി IX
# (തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും)

**2015-2016 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ
(5)-ാം ഉപചട്ടപ്രകാരമുള്ളത്

1208/2016.

# ഉള്ളടക്കം

| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി IX

## (തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും)

## (2016-2018)

### ഘടന

<u>ചെയർമാൻ</u> :

ഡോ. കെ. ടി. ജലീൽ,

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ്

തീർത്ഥാടനവും വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗം</u>:

ശ്രീ. ഇ. ചന്ദ്രശേഖരൻ,

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീമതി പി. അയിഷാ പോറ്റി, എം. എൽ. എ.

ശ്രീ. മഞ്ഞളാംകുഴി അലി, എം. എൽ. എ.

ശ്രീ. അനിൽ അക്കര, എം. എൽ. എ.

ശ്രീ. കെ. ആൻസലൻ, എം. എൽ. എ.

ശ്രീ. കെ. ബാബു, എം. എൽ. എ.

ശ്രീ. കെ. എസ്. ശബരീനാഥൻ, എം. എൽ. എ.

ശ്രീ. പി. ഉബൈദുള്ള, എം. എൽ. എ.

ശ്രീ. പി. വി. അൻവർ, എം. എൽ. എ.

ശ്രീ. ഇ. കെ. വിജയൻ എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. എ. ഷാജഹാൻ, ജോയിന്റ് സെക്രട്ടറി

ശ്രീ. രാജു കെ. എ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ജി. എസ്. സുരേഷ് കുമാർ, അണ്ടർ സെക്രട്ടറി.

# അവതാരിക

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ ചെയർമാനായ ഞാൻ 2015-2016 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ 2015-2016 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് 2015 ജൂൺ 8-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഈ റിപ്പോർട്ട് മൂന്ന് ഭാഗങ്ങളായി തയ്യാറാക്കിയിരിക്കുന്നു. ഒന്നാം ഭാഗത്ത് 2015-2016 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിൽ സർക്കാരിൽ നിന്നും മറുപടി ലഭിച്ച ശിപാർശകളും മറുപടികളും രണ്ടാം ഭാഗത്ത് സബ്ജക്ട് കമ്മിറ്റി XIV-ൽ നിന്നും കൈമാറി ലഭിച്ച ശിപാർശകളും മറുപടികളും മൂന്നാം ഭാഗത്ത് സർക്കാരിൽ നിന്നും മറുപടി ലഭിക്കാത്ത ശിപാർശകളുടെ വിവരങ്ങളും ചേർത്തിരിക്കുന്നു.

2016 ഒക്ടോബർ 17-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

ഡോ. കെ. ടി. ജലീൽ,<br>*ചെയർമാൻ*<br>*സബ്ജക്ട് കമ്മിറ്റി IX.*

തിരുവനന്തപുരം,<br>2016 ഒക്ടോബർ 17.

# റിപ്പോർട്ട്

## ഭാഗം - I

2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ 5-ാമത് റിപ്പോർട്ടിലെ മറുപടി ലഭിച്ച ശിപാർശകളും സർക്കാർ സ്വീകരിച്ച നടപടികളും.

## ധനാഭ്യർത്ഥന നമ്പർ XXI-ഭവന നിർമ്മാണം

ശിപാർശ

2216-80-103-99- സംസ്ഥാന ഭവന നിർമ്മാണ ബോർഡ്

(01) - സഹായധനം

ദുർബല വിഭാഗ പാർപ്പിട പദ്ധതി നടപ്പിലാക്കിയതുവഴിയുള്ള കമ്മി നികത്തുന്നതിനായി പ്രസ്തുത ശീർഷകത്തിൽ 1,25,09,000 രൂപകൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

സർക്കാർ സ്വീകരിച്ച നടപടി

ധനകാര്യ വകുപ്പ് ടി ശിപാർശയിന്മേൽ ഫണ്ട് അനുവദിച്ച് നൽകിയിട്ടില്ല.

(ഭവന നിർമ്മാണ (സി) വകുപ്പിന്റെ 05.10.2016-ലെ കത്ത് നം.2861/സി1/2015/ഭവനം)

ശിപാർശ

(37) -ഗൃഹശ്രീ സബ്സിഡി

2015-16 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിലെ പ്രഖ്യാപനമനുസരിച്ച് 1500 വീടുകൾക്ക് പദ്ധതി നടപ്പിലാക്കേണ്ടതിനാൽ നിലവിലെ വിഹിതം പര്യാപ്തമല്ല. ആയതിനാൽ 19,19,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

സർക്കാർ സ്വീകരിച്ച നടപടി

ജി.ഒ.(ആർ.റ്റി) നം. 27/2016/ഭവനം തീയതി 28.03.2016 പ്രകാരം 2015-16 സാമ്പത്തിക വർഷം അഡീഷണൽ ഓതറൈസേഷൻ വഴി ഗൃഹശ്രീ പദ്ധതിയ്ക്ക് 7 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ സ.ഉ. (എംഎസ്.) നമ്പർ

29/2016/ഭവനം തീയതി 22-8-2016 പ്രകാരം 2016-17 സാമ്പത്തിക വർഷത്തിൽ ഗൃഹശ്രീ പദ്ധതിയ്ക്ക് 15.94 കോടി രൂപയും കൂടി അനുവദിച്ചിട്ടുണ്ട്.

(ഭവന നിർമ്മാണ (സി) വകുപ്പിന്റെ 9-9-2016-ലെ കത്ത് നമ്പർ 2861/സി1/ 2015/ഭവനം)

<u>ശിപാർശ</u>

4216-01-106-98 - <u>നിർമ്മാണം</u>

(04)-16 - <u>സീനിയർ ഓഫീസർമാർക്കുള്ള പാർപ്പിട പദ്ധതി -വൻകിട മരാമത്തുപണികൾ</u>

ഉന്നത ഉദ്യോഗസ്ഥരുടെ പാർപ്പിട പദ്ധതി നടത്തിപ്പിലേക്കായി നടപ്പ വർഷം ബജറ്റിൽ തുക വകയിരുത്തിയിട്ടില്ല. ആയതിനാൽ ഈ ശീർഷകത്തിൽ 21,00,000 രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

4216-01-106-98-04-16 എന്ന ശീർഷകത്തിൽ 'സീനിയർ ഓഫീസർമാരുടെ പാർപ്പിട പദ്ധതി വൻകിട മരാമത്ത് പണികൾ'ക്കുവേണ്ടി 21,00,000 രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 31-7-2015 -വരെ തുകയൊന്നും അനുവദിച്ചിട്ടില്ല.

(പൊതുമരാമത്ത് (ഇ) വകുപ്പിന്റെ 3-10-2015-ലെ കത്ത് നമ്പർ16758/ഇ 3/2015/പൊ.മ.വ)

<u>ശിപാർശ</u>

6216-80-190-99 - <u>കേരള സ്റ്റേറ്റ് പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനുള്ള വായ്പകൾ</u>

2015-16 സാമ്പത്തിക വർഷം പ്ലാൻ നോൺ പ്ലാൻ ഇനങ്ങളിൽ കോർപ്പറേഷൻ സമർപ്പിച്ചിരുന്ന എല്ലാ നിർദ്ദേശങ്ങളും പൂർത്തീകരിക്കുന്നതിന് നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ലായെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ കോർപ്പറേഷന് പ്ലാൻ ഇനത്തിൽ 42,00,00,000 രൂപയും നോൺ പ്ലാൻ ഇനത്തിൽ 15,32,13000 രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

സർക്കാർ സ്വീകരിച്ച നടപടി

സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയുടെ അടിസ്ഥാനത്തിൽ കോർപ്പറേഷന് അധികതുക അനുവദിക്കാൻ നിർവ്വാഹമില്ല എന്ന് ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ടു.

(ആഭ്യന്തര (ഇ) വകുപ്പിൽ നിന്നുള്ള 27-11-2015-ലെ കത്ത് നം.54344/ഇ 4/ 2015/ആഭ്യന്തരം)

വിഷയനിർണ്ണയ സമിതി IX-ന്റെ 03.02.2016-ൽ ചേർന്ന യോഗം കേരള സ്റ്റേറ്റ് പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ പ്രവർത്തനത്തിന് മതിയായ ഫണ്ട് അനുവദിക്കുകയോ അല്ലെങ്കിൽ ധനകാര്യ വകുപ്പ് നിർദ്ദേശിക്കുന്ന തരത്തിൽ കോർപ്പറേഷനിൽ നിക്ഷേപിച്ചിരിക്കുന്ന തുകകൾ വകമാറ്റി ചെലവ് ചെയ്യുന്നതിനായി ബന്ധപ്പെട്ട വകുപ്പിന് ഗവൺമെന്റിൽ നിന്നും ഉത്തരവാക്കി നൽകുകയോ ചെയ്യേണ്ടതാണെന്ന് തീരുമാനിച്ചിരുന്നു. പ്രസ്തുത തീരുമാനം 20-4-2016-ന് ധനകാര്യ വകുപ്പിനെ അറിയിച്ചതിൻപ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിന്റെ ഭാഗമായി കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ ടി.എസ്.ബി. അക്കൗണ്ടിൽ പാർക്ക് ചെയ്തിട്ടുള്ള പദ്ധതി തുക (സർക്കാർ ഫണ്ട്) സംസ്ഥാന ബഡ്ജറ്റിൽ നിർദ്ദേശിച്ചിട്ടുള്ളതും ഭരണാനുമതി ലഭിച്ചിട്ടുള്ളതുമായ അടിയന്തര പദ്ധതികളുടെ നിർവ്വഹണത്തിനായി വിനിയോഗിക്കുന്നതിനും ആയത് ബന്ധപ്പെട്ട ശീർഷകത്തിൽ റീ ക്രൂപ്പ് ചെയ്യുന്നതിനും 16-1-2015-ലെ Exp/B3/15/ധന. നമ്പർ കത്ത് പ്രകാരം ധനവകുപ്പ് ആഭ്യന്തര വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ 14-2-2015-ലെ 7018/Exp/B3/ 15/ധന. നമ്പർ കത്ത് പ്രകാരം സംസ്ഥാന പോലീസ് ചീഫിനും കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനും ഇത് സംബന്ധിച്ച് നിർദ്ദേശം നൽകിയിട്ടുണ്ട്. കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ ടി.എസ്.ബി. അക്കൗണ്ടിൽ പാർക്ക് ചെയ്തിട്ടുള്ള തുക വിനിയോഗിക്കുന്നതിനും ആയതിന് പ്രത്യേക ലെഡ്ജർ അക്കൗണ്ട് തുറക്കുന്നതിനും ഭരണ വകുപ്പ് 2-3-2016-ലെ 44780/ഇ 4/ 2015/ഹോം. നമ്പർ കത്ത് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. ഇപ്രകാരം കോർപ്പറേഷൻ പാർക്ക് ചെയ്ത തുക 20 കോടിയിൽ താഴന്ന മുറയ്ക്ക് ഭരണാനുമതി ലഭിച്ച പദ്ധതികൾക്കായി ചെലവഴിച്ച തുക ധനവകുപ്പ് ബന്ധപ്പെട്ട ശീർഷകത്തിലേയ്ക്ക് റീ ക്രൂപ്പ് ചെയ്യുന്നതുമാണ് എന്നും ടി ശീർഷകത്തിൽ തുകയില്ലാത്ത പക്ഷം പോലീസ് വകുപ്പിന് അഡീഷണൽ ആതറൈസേഷന് ആശ്രയിക്കാവുന്നതാണ് എന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ഇത്തരം നിയന്ത്രണങ്ങൾ കേന്ദ്ര ആവിഷ്കൃത പദ്ധതികൾക്ക് ബാധകമല്ലെന്നും കോർപ്പറേഷനെ അറിയിച്ചിട്ടുണ്ട്.

(12-5-2016-പി.യു.സി1/65/2016 ധന നമ്പർ കത്ത്)

<u>ശിപാർശ</u>

കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷന് 'വായ്പ' ശീർഷകത്തിലാണ് ബജറ്റിൽ തുക വകയിരുത്തുന്നതും സർക്കാരിൽ നിന്നും തുക റിലീസ് ചെയ്യുന്നതും. ഇപ്രകാരം വായ്പ ഹെഡിൽ തുക വകയിരുത്തുന്നതുമൂലം കോർപ്പറേഷന് വായ്പാതുക മുതലും പലിശയുമായി സർക്കാരിലേക്ക് തിരിച്ചടയ്ക്കേണ്ടതായിട്ടുണ്ട്. കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ബജറ്റ് വിഹിതം ഉപയോഗിച്ച് സ്വന്തമായി യാതൊരുവിധ ആസ്തികളും സ്ഥാപിക്കുന്നില്ല. കോർപ്പറേഷന്റെ ദൈനംദിന ചെലവും ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള എല്ലാ ചെലവുകളും കോർപ്പറേഷൻ സ്വരൂപിക്കുന്ന സൂപ്പർവിഷൻ ചാർജ്ജ് എന്ന ഫണ്ടിൽ നിന്നാണ് വിനിയോഗിക്കുന്നതെന്നും സർക്കാർ അനുവദിക്കുന്ന വായ്പാത്തുക ഉപയോഗിച്ച് ആസൂത്രണ ബോർഡ് അംഗീകരിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് പോലീസ് വകുപ്പിന് കൈമാറുകയാണ് ചെയ്യുന്നതെന്നും ഇപ്രകാരം പോലീസ് വകുപ്പിന് വേണ്ടി നിർമ്മാണ പ്രവർത്തനങ്ങൾ ചെയ്തുകൊടുക്കുന്നതിന് കോർപ്പറേഷൻ മുതലും പലിശയും ഗഡുക്കൾ ആയി തിരികെ ഒടുക്കണമെന്നുള്ള സർക്കാർ ഉത്തരവ്, കോർപ്പറേഷന്റെ നിലനിൽപ്പിനെ ത്തന്നെ ബാധിക്കുന്നതാണെന്നും സമിതിയിൽ റിപ്പോർട്ട് ചെയ്യപ്പെട്ടു. മേൽ സാഹചര്യത്തിൽ കോർപ്പറേഷന് നിലവിൽ 'ലോൺ' ശീർഷകത്തിൽ വകയിരുത്തുന്ന തുക പുതിയ ശീർഷകത്തിൽ ഗ്രാന്റായി അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

(ആഭ്യന്തര(ഇ) വകുപ്പിൽ നിന്നുള്ള 27-11-2015-ലെ കത്ത് നമ്പർ 54344/ഇ 4/2015/ആഭ്യന്തരം)

**ധനാഭ്യർത്ഥന നമ്പർ XXII-നഗരവികസനം**

<u>ശിപാർശ</u>

2217-05-00-65 - <u>ജില്ലാ പ്ലാനിംഗ് യൂണിറ്റുകൾ</u>

ജില്ലാ പ്ലാനിംഗ് ഓഫീസുകളിലെ വിവിധ ആവശ്യങ്ങൾക്കായി നോൺ പ്ലാനിൽ അനുവദിച്ച ബജറ്റ് വിഹിതം തീരെ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മുൻവർഷം കുടിശ്ശികയായ മെഡിക്കൽ ക്ലെയിമുകൾ ഉൾപ്പെടെ നൽകുന്ന

ചെലവുകൾക്കായി 01-4-മെഡിക്കൽ റീഇംബേഴ്സ്മെന്റ് ഇനത്തിൽ 4,00,000 രൂപയും 04-4-അവധി യാത്രാനുകൂല്യം, 21-2-മോട്ടോർ വാഹനങ്ങൾ-അറ്റകുറ്റപ്പണികൾ, 45-പി.ഒ.എൽ എന്നീ ഇനങ്ങളിൽ 2,00,000 രൂപ വീതവും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

സർക്കാർ സ്വീകരിച്ച നടപടി

തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 10852/എഫ്.എം.2/15/തസ്വഭവ, 3-10-2016)

ശിപാർശ

കാസർഗോഡ്, ആലപ്പുഴ, തൃശ്ശൂർ എന്നീ ജില്ലാ ആഫീസുകൾ ഡി.പി.സി സെക്രട്ടേറിയറ്റിന്റെ കെട്ടിടത്തിലേക്ക് മാറ്റിയതിനെ തുടർന്ന് ആവശ്യമായ പാർട്ടീഷൻ/ഫർണിഷിംഗ് ജോലികൾക്കും പാലക്കാട് ജില്ലാ ആഫീസ് നടപ്പുവർഷം ഡി.പി.സി. സെക്രട്ടേറിയറ്റ് കെട്ടിടത്തിലേക്ക് മാറ്റേണ്ടതുള്ളതിനാലും ഓഫീസ് ഒന്നിന് 5 ലക്ഷം രൂപ വച്ച് 4 ഓഫീസുകൾക്ക് 20 ലക്ഷം രൂപയും വാഹനം ഇല്ലാത്ത ജില്ലാ ഓഫീസുകൾക്ക്, പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് നിയന്ത്രണം ഉള്ളതുകൊണ്ട് വാടകയ്ക്ക് കാർ ഉപയോഗിക്കേണ്ടി വരുന്നതിനാൽ ആയതിലേയ്ക്ക് പ്രതിമാസം 30,000 രൂപ നിരക്കിൽ 9 ഓഫീസുകൾക്ക് 32.40 ലക്ഷം രൂപയും ആവശ്യമുള്ളതായി സമിതിയിൽ വെളിപ്പെടുത്തി. ആയതിനാൽ പ്രസ്തുത ആവശ്യങ്ങളിലേക്ക് 05-4- ഓഫീസ് ചെലവുകൾ മറ്റിനങ്ങൾ എന്ന ഇനത്തിൽ ആകെ 52,40,000 രൂപ (20,00,000+ 32,40,000) അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

സർക്കാർ സ്വീകരിച്ച നടപടി

തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 10852/എഫ്.എം.2/15/തസ്വഭവ, 3-10-16)

ശിപാർശ

വകുപ്പിന്റെ കീഴിൽ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന 6 ജില്ലാ ഓഫീസുകളുടെ വാടകയിനത്തിലും മറ്റു ഓഫീസുകൾക്കുള്ള കെട്ടിട നികുതി ഇനത്തിലും കൂടി 2015-16 വർഷം 17.85 ലക്ഷം രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നതായും കൂടാതെ വാടക

കുടിശ്ശിക ഇനത്തിൽ 4 ജില്ലാ ഓഫീസുകൾക്ക് 19.37 ലക്ഷം രൂപ നൽകുവാനുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 06-വാടക, കരം, നികുതി എന്ന ഇനത്തിൽ ബജറ്റ് വിഹിതമായ 10 ലക്ഷം രൂപയ്ക്ക് പുറമെ 27,22,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

## സർക്കാർ സ്വീകരിച്ച നടപടി

തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 10852/എഫ്.എം.2/15/തസ്വഭവ, 3-10-16)

## ശിപാർശ

2217-05-001-99 - മുഖ്യ നഗരാസൂത്രകന്റെ ഓഫീസ്

മുഖ്യ നഗരാസൂത്രകന്റെ ഓഫീസിലെ ശമ്പളവും മറ്റ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കുമായി നോൺ പ്ലാനിൽ അനുവദിച്ചിരുന്ന ബജറ്റ് വിഹിതം തീരെ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 01-4- മെഡിക്കൽ റീഇംബേഴ്സ്മെന്റ് 1,00,000 രൂപയും 04-4-അവധി യാത്രാനുകൂല്യം, - 2,00,000 രൂപ 21-2-മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും - 1,00,000 രൂപ 45- പി.ഒ.എൽ - 50,000 രൂപ എന്നിങ്ങനെ ഓരോ ഇനത്തിലും ചേർത്ത് ആകെ 4,50,000 രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

## സർക്കാർ സ്വീകരിച്ച നടപടി

തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 10852/എഫ്.എം.2/15/തസ്വഭവ, 03.10.16)

## ശിപാർശ

2217-80-001-91-10- മുനിസിപ്പൽ കോമൺ സർവ്വീസ് സെൻട്രൽ പെൻഷൻ ഫണ്ടിലേക്കുള്ള സംഭാവന

നഗരസഭയിലെ റഗുലർ വിഭാഗത്തിലെ വിരമിച്ച ജീവനക്കാരുടെ പെൻഷൻ അലോട്ട്മെന്റ് അനുവദിക്കുന്നതിനായി 150 കോടി രൂപ ആവശ്യമുണ്ടെന്ന് സമിതി

മനസ്സിലാക്കുന്നു. ആയതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതം കഴിച്ച് ബാക്കി 149,99,99,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

നഗരസഭാ ജീവനക്കാരുടെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിന് ആവശ്യമായ തുക നഗരസഭകൾക്ക് നൽകുന്ന ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും വിനിയോഗിക്കുന്നതിന് 04.03.2016 ലെ സ.ഉ.(എം.എസ്) നം. 49/2016/തസ്വഭവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നം. 10852/എഫ്.എം.2/15/തസ്വഭവ, 03.10.16)

<u>ശിപാർശ</u>

2217-80-001-96 - <u>നഗരസഭ റഗുലർ വിഭാഗം ജീവനക്കാരുടെ പെൻഷൻ പദ്ധതി</u>

നഗരസഭകളിൽ നിന്നും വിരമിക്കുന്ന ജീവനക്കാർക്ക് പെൻഷനും പെൻഷനാനുകൂല്യങ്ങളും നൽകുന്നതിനായി 100 കോടി രൂപ വകുപ്പ് ആവശ്യപ്പെട്ടതിൽ ബജറ്റ് വിഹിതമായി 1,000 രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ആയതിനാൽ നിലവിലെ ബജറ്റ് വിഹിതം കഴിച്ച് ബാക്കി 99,99,99,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

നഗരസഭാ ജീവനക്കാരുടെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിന് ആവശ്യമായ തുക നഗരസഭകൾക്ക് നൽകുന്ന ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും വിനിയോഗിക്കുന്നതിന് 4-3-2016 ലെ സ.ഉ.(എം.എസ്) നം. 49/2016/ തസ്വഭവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നം. 10852/എഫ്.എം.2/15/തസ്വഭവ, 3-10-2016)

<u>ശിപാർശ</u>

2217-80-800-83- <u>എല്ലാ ജില്ലകളിലേയും പ്രാദേശിക വികസന പദ്ധതി</u>

<u>തയ്യാറാക്കലും സംയോജിത ജില്ലാ വികസന പദ്ധതി തയ്യാറാക്കലും</u>

എല്ലാ ജില്ലകളിലേയും പ്രാദേശിക വികസന പദ്ധതി തയ്യാറാക്കലിനും സംയോജിത ജില്ലാ വികസന പദ്ധതി തയ്യാറാക്കലിനും 1-2-2007-ലെ ഉത്തരവ് പ്രകാരം സർക്കാർ

അനുമതി നൽകിയിട്ടുള്ളതാണ്. പ്രസ്തുത ആവശ്യത്തിന് 2006-2007 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ മേൽ ശീർഷകത്തിൽ ആദ്യമായി തുക അനുവദിക്കുകയും ആയത് 2014-15 സാമ്പത്തിക വർഷംവരെ തുടരുകയും ചെയ്തു. ഒന്നാം ഘട്ടത്തിൽ ആലപ്പുഴ, തൃശ്ശൂർ, ഇടുക്കി, പാലക്കാട്, വയനാട് എന്നീ ജില്ലകളിൽ ആരംഭിച്ച പദ്ധതിയുടെ പ്രവർത്തനം പിന്നീട് കോഴിക്കോട് ജില്ലയിലേക്കുകൂടി വ്യാപിപ്പിക്കുകയും ചെയ്തിട്ടുണ്ട് എന്നും മേൽ പദ്ധതിയുടെ പ്രവർത്തനവും, കൊല്ലം ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പ്രാദേശിക വികസന പദ്ധതി തയ്യാറാക്കുന്നതിനുള്ള പ്രവർത്തനവും പുരോഗമിക്കുകയാണ് എന്നും സമിതിയിൽ ഉദ്യോഗസ്ഥർ വെളിപ്പെടുത്തി. പ്രസ്തുത ആവശ്യത്തിന് 2015-16 വർഷത്തിൽ ബജറ്റ് വിഹിതം അനുവദിച്ചിട്ടില്ലെന്ന് മനസ്സിലാക്കിയ സമിതി, പ്രസ്തുത പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾക്കായി 25,00,000 രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

തുക അനുവദിച്ചിട്ടില്ല

(സർക്കാർ കത്ത് നം.10852/എഫ്.എം.2/15/തസ്വഭവ, 15.10.2016 )

<u>ശിപാർശ</u>

<u>ശാസ്ത്രീയമായ നടവഴികളും നടപ്പാതകളും റോഡ് ക്രോസിംഗുകളും</u>

2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിലൂടെ പ്രഖ്യാപിച്ച റോഡ് സേഫ്റ്റി ഫണ്ട് ഉപയോഗിച്ച് തിരുവനന്തപുരത്തും കോഴിക്കോട്ടും കൊച്ചിയിലും കാൽനടക്കാർക്കും മുതിർന്ന പൗരൻമാർക്കും മെച്ചപ്പെട്ട റോഡ് ഗതാഗത സൗകര്യങ്ങൾ ഒരുക്കുന്നതിനായുള്ള ഈ പ്രത്യേക പദ്ധതിക്കായി പുതിയ ശീർഷകത്തിൽ പ്ലാൻ ഇനത്തിൽ 20 കോടി രൂപ അനുവദിക്കമെണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

അനുയോജ്യമായ പ്രൊപ്പോസലുകൾ നഗരകാര്യ ഡയറക്ടർ സമർപ്പിച്ചിരുന്നില്ല. അതിനാൽ തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നം. 10852/എഫ്.എം.2/15/തസ്വഭവ, 03.10.2016)

## ശിപാർശ

### സ്വച്ച് ഭാരത് മിഷൻ (അർബൻ)

നമ്മുടെ രാജ്യം പൂർണ്ണമായും ശുചിത്വമാകണമെന്നും പൗരൻമാർക്ക് ആരോഗ്യപ്രദമായ അന്തരീക്ഷത്തിൽ ജീവിക്കാൻ സാധിക്കണമെന്നുമുള്ള ലക്ഷ്യത്തോടെ ആവിഷ്കരിച്ച കേന്ദ്ര പദ്ധതിയാണ് സ്വച്ച് ഭാരത് മിഷൻ (അർബൻ) പദ്ധതി. പദ്ധതികളുടെ പൂർത്തീകരണത്തിനായി നിലവിലെ മാർഗ്ഗരേഖയ്ക്ക് വിധേയമായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ 75:25 എന്ന അനുപാതത്തിൽ ഈ സ്കീമിന്റെ ചെലവ് വഹിക്കുന്നു. 2014-15 വർഷം കേന്ദ്രസഹായമായി 19.18 കോടി രൂപ ലഭിച്ചിട്ടുണ്ടെന്നും എന്നാൽ ഇതിന് പ്രത്യേക ശീർഷകം തുറക്കാത്തതിനാൽ ലഭിച്ച കേന്ദ്ര സംസ്ഥാന വിഹിതങ്ങൾ മാറിയെടുക്കാൻ കഴിഞ്ഞിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഇതിലേക്ക് പുതിയ ശീർഷകം അനുവദിച്ച് 2014-15 വർഷത്തെ കേന്ദ്ര സംസ്ഥാന വിഹിതവും 2015-16 വർഷത്തെ കേന്ദ്ര സംസ്ഥാന വിഹിതവും ചേർത്ത് ആകെ കേന്ദ്ര വിഹിതം 140,85,00,000 രൂപ സംസ്ഥാന വിഹിതം 46,95,00,000 രൂപ എന്നിങ്ങനെ തുക അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

## സർക്കാർ സ്വീകരിച്ച നടപടി

19-9-2015-ലെ സ.ഉ.(ആർ.ടി) നം. 2874/2015/തസ്വഭവ പ്രകാരം കേന്ദ്ര വിഹിതമായി 19.18 കോടി രൂപയും ആനുപാതിക സംസ്ഥാനവിഹിതമായി 6.3967 കോടി രൂപയും ചേർത്ത് ആകെ 25.5767 കോടി രൂപ ശുചിത്വമിഷന് അനുവദിച്ച് നൽകിയിട്ടുണ്ട്.

(സർക്കാർ കത്ത് നം. 10852/എഫ്.എം.2/15/തസ്വഭവ, 3-10-2016)

## ശിപാർശ

### 2217-03-800-97 - വള്ളുവനാട് വികസന അതോറിറ്റി

വള്ളുവനാട് വികസന അതോറിറ്റിക്ക് 5,00,00,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

1208/2016.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നം.10852/എഫ്.എം.2/15/തസ്വഭവ, 03.10.16)

<u>ശിപാർശ</u>

<u>പാർട്ട്ണർ കേരള മിഷൻ</u>

പാർട്ട്ണർ കേരള മിഷൻ പദ്ധതിയുടെ നടത്തിപ്പിലേക്കായി നഗരവികസന വകുപ്പിന് 1,00,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

30.03.2016 ലെ സ.ഉ.(ആർ.ടി) നം. 1368/2016/തസ്വഭവ പ്രകാരം 150 ലക്ഷം രൂപ പാർട്ട്ണർ കേരള മിഷന് അനുവദിച്ച് നൽകിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 10852/എഫ്.എം.2/15/തസ്വഭവ, 3-10-2016)

<u>ശിപാർശ</u>

നഗരസഭയിലെ വരുമാനം കുറഞ്ഞ ജീവനക്കാർക്ക് കുറഞ്ഞ പലിശ നിരക്കിൽ ലോൺ കൊടുക്കുന്നതിനായി ആരംഭിച്ച ഈ പദ്ധതിയുടെ നടത്തിപ്പിലേക്ക് 5,00,00,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 34)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

തുക അനുവദിച്ചിട്ടില്ല

(സർക്കാർ കത്ത് നമ്പർ 10852/എഫ്.എം.2/15/തസ്വഭവ, 15-10-2016)

**ധനാഭ്യർത്ഥന നമ്പർ XXXV - <u>പഞ്ചായത്ത്</u>**

<u>ശിപാർശ</u>

2515-00-001-97- <u>ജില്ലാ ഭരണം</u>

04-1 - <u>യാത്രാബത്ത</u>

14 പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ, 14 പഞ്ചായത്ത് അസിസ്റ്റ് ഡയറക്ടർമാർ എന്നിവരുടെയും 66 പെർഫോമൻസ് ആഡിറ്റ് യൂണിറ്റുകൾ എന്നിവിടങ്ങളിലെ

ജീവനക്കാരുടെയും യാത്രാചെലവുകൾക്കായി യാത്രാബത്തയിനത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ഇനത്തിൽ 30,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 35)

സർക്കാർ സ്വീകരിച്ച നടപടി

27-1-2016-ലെ സ.ഉ.(ആർ.ടി) നം.815/2016/ധന പ്രകാരം 8.2 ലക്ഷം രൂപയും 22-3-2016-ലെ സ.ഉ.(ആർ.ടി) നം.2739/2016/ധന പ്രകാരം 4.5 ലക്ഷം രൂപയും (ആകെ 12.7 ലക്ഷം രൂപ) ഈ ഇനത്തിൽ റീ-അപ്രോപ്രിയേഷൻ മുഖേന അനുവദിച്ച് നൽകിയിട്ടുണ്ട്.

(സർക്കാർ കത്ത് നം10852/എഫ്.എം.2/15/തസ്വഭവ, 03.10.16 )

ശിപാർശ

2515-00-101-63- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രിബ്യൂണൽ

ഈ ശീർഷകത്തിൻ കീഴിൽ യാത്രാബത്ത, വാടക, കരം, നികുതി, വിവരസാങ്കേതിക വിദ്യ എന്നീ കണക്കിനങ്ങളിൽ അനുവദിച്ചിരിക്കുന്ന ബജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ 04-1-യാത്രാബത്ത ഇനത്തിൽ 1,00,000 രൂപയും 06-കരം, വാടക, നികുതി ഇനത്തിൽ 40,000 രൂപയും 99-വിവരസാങ്കേതികവിദ്യ ഇനത്തിൽ 1,00,000 രൂപയും ചേർത്ത് ആകെ 2,40,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 36)

സർക്കാർ സ്വീകരിച്ച നടപടി

സ.ഉ(സാധാ)നം.10259/ധന തീയതി 26-11-2015 പ്രകാരം 2515-00-101-63-04-01 യാത്രാബത്ത എന്ന ശീർഷകത്തിൽ 15,000 രൂപയും, സ.ഉ.(സാധാ) 3252/16/ധന തീയതി 31-3-2016 പ്രകാരം 2515-00-101-63-99 വിവരസാങ്കേതിക വിദ്യ എന്ന ശീർഷകത്തിൽ 3,71,000 രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്.

(സർക്കാർ കത്ത് നം.10852/എഫ്.എം.2/15/തസ്വഭവ, 3-10-2016 )

ശിപാർശ

2515-001-101-64- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക വേണ്ടിയുള്ള ഓാംബുഡ്സ്മാൻ

2015-16 സാമ്പത്തിക വർഷത്തേക്ക് ഈ ശീർഷകത്തിൻ കീഴിൽ താഴെ പറയുന്ന കണക്കിനങ്ങളിൽ അനുവദിച്ചിരിക്കുന്ന ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 01-4-മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് ഇനത്തിൽ 3,00,000 രൂപയും 06-വാടക, കരം, നികുതി ഇനത്തിൽ 3,00,000 രൂപയും ചേർത്ത് ആകെ 6,00,000 രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 37)

സർക്കാർ സ്വീകരിച്ച നടപടി

01-4-മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് ഇനത്തിൽ 3,00,000 രൂപയും 06-വാടക, കരം, നികുതി ഇനത്തിൽ 1,50,000 രൂപയും അനുവദിച്ച നൽകിയിട്ടുണ്ട്.

(സർക്കാർ കത്ത് നം.10852/എഫ്.എം.2/15/തസ്വഭവ, 3-10-2016 )

ശിപാർശ

2515-00-101-68 - ശുചിത്വകേരളം

നടപ്പുവർഷം ബജറ്റ് വിഹിതമായി 26 കോടി രൂപയാണ് ശുചിത്വമിഷന് അനുവദിച്ചിട്ടുള്ളത്. മഴയ്ക്ക് മുമ്പുള്ള ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി 8.68 കോടി രൂപയും പ്ലാസ്റ്റിക് മാലിന്യ പരിപാലനത്തിനായി 20 കോടി രൂപയും ആവശ്യമുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 28,68,00,000 കോടി രൂപ 8,68,00,000 രൂപ + 20,00,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 38)

സർക്കാർ സ്വീകരിച്ച നടപടി

തുക അനുവദിച്ചിട്ടില്ല

(സർക്കാർ കത്ത് നം. 10852/എഫ്.എം.2/16/തസ്വഭവ, 15-10-2016)

ശിപാർശ

ശുചിത്വമിഷന് ഭരണപരമായ ചെലവിനായി 1,00,00,000 രൂപ കൂടി അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 39)

സർക്കാർ സ്വീകരിച്ച നടപടി

തുക അനുവദിച്ചിട്ടില്ല

(സർക്കാർ കത്ത് നം. 10852/എഫ്.എം.2/16/തസ്വഭവ, 15-10-2016)

ശിപാർശ

2515-00-196-39- ജില്ലാ പഞ്ചായത്തുകൾ ഏറ്റെടുത്ത് നടത്തുന്ന നബാർഡ് സഹായമുള്ള ആർ.ഐ.ഡി.എഫ് പദ്ധതികൾ

ഗ്രാമപ്രദേശങ്ങളിൽ വിവിധ മേഖലകളിലുള്ള അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ ദേശീയ കൃഷി-ഗ്രാമവികസന ബാങ്കിന്റെ (നബാർഡ്) സഹായത്തോടെ ആരംഭിച്ച പദ്ധതിയാണ് ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന പദ്ധതി അഥവാ ആർ.ഐ.ഡിഎഫ്. ഈ പദ്ധതിയുടെ നടത്തിപ്പിലേക്ക് നടപ്പ് സാമ്പത്തിക വർഷം 27,18,00,000 രൂപ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ നിലവിലെ വിഹിതമായ 7.18 കോടി രൂപയ്ക്കു പുറമെ 20,00,00,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 40)

സർക്കാർ സ്വീകരിച്ച നടപടി

2015-16 സാമ്പത്തിക വർഷത്തെ വിഹിതമായ 7.18 കോടി രൂപയ്ക്കു പുറമെ 5,59,85,000 രൂപ കൂടി അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നം.10852/എഫ്.എം.2/15/തസ്വഭവ, 15-10-2016 )

ശിപാർശ

2515-00-800-86- ത്രിതല പഞ്ചായത്തുകളുടെ കമ്പ്യൂട്ടർവൽക്കരണം (ഇൻഫർമേഷൻ കേരള മിഷൻ)

99 - വിവരസാങ്കേതിക വിദ്യ

2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് നിർദ്ദേശ പ്രകാരം ഇൻഫർമേഷൻ കേരള മിഷന് (ഐ.കെ.എം) 8,00,00,000 രൂപയാണ് വകയിരുത്തിയിട്ടുള്ളത്. എന്നാൽ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഐ.കെ.എം.-ന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കായി

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ ഐ.ടി. ആവശ്യങ്ങൾക്ക് ഐ.കെ.എം.ൽ ഏൽപ്പിച്ചിരുന്ന തുകയിൽ നിന്നും വിനിയോഗിച്ച 711.35 ലക്ഷം രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സേവനങ്ങൾക്കായി തിരികെ വിനിയോഗിക്കണമെന്നുള്ളതിനാലും കൂടാതെ ഐ.കെ.എം.ലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ടും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടർ അധിഷ്ഠിത വിവരങ്ങൾ ഉയർന്ന വേഗതയിൽ ലഭ്യമാക്കുന്നതിനുവേണ്ടി നാല് സെർവറുകൾ വാങ്ങിയ ഇനത്തിലും, ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ശക്തിപ്പെടുത്തൽ, സ്വരാജ് ഭവനിലെ പുതിയ കെട്ടിടത്തിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ തുടങ്ങിയ വിവിധ ആവശ്യങ്ങൾക്കും നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തി. ആയതിനാൽ പ്രസ്തുത ഇനത്തിൽ 8,92,35,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 41)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

തുക അനുവദിച്ചിട്ടില്ല

(സർക്കാർ കത്ത് നം.10852/എഫ്.എം.2/15/തസ്വഭവ, 3-10-16 )

<u>ശിപാർശ</u>

2515-00-800-98- <u>പി.എം.ജി.എസ്.വൈ പദ്ധതികൾക്കുള്ള സംസ്ഥാന ധനസഹായം (പ്ലാൻ)</u>

പി.എം.ജി.എസ്.വൈ പദ്ധതികൾക്കുള്ള ധനസഹായമായി നിലവിലെ ബജറ്റ് വിഹിതത്തിനു പുറമേ 38,00,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 42)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

തുക അനുവദിച്ചിട്ടില്ല

(സർക്കാർ കത്ത് നം. 10852/എഫ്.എം.2/15/തസ്വഭവ, 15-10-2016)

## ധനാഭ്യർത്ഥന നമ്പർ XXXVI - ഗ്രാമവികസനം

<u>ശിപാർശ</u>

2515-00-001-48- <u>ബ്ലോക്കുകളുടെ ഭരണം വിപുലീകരിക്കുന്നതിന്</u>

ഈ ശീർഷകത്തിൻ കീഴിലെ 04-1, 04-2 ഇനങ്ങളിൽ 2013-14 സാമ്പത്തിക വർഷം മുതലുള്ള കുടിശ്ശിക ക്ലെയിമുകൾ തീർപ്പാക്കുന്നതിലേക്ക് യഥാക്രമം

10 ലക്ഷം രൂപയും 3 ലക്ഷം രൂപയും ആവശ്യമാണെന്ന് സമിതി മനസിലാക്കുന്നു. നിലവിലെ ബജറ്റ് വിഹിതം ഇതിനു പര്യാപ്തമല്ലാത്തതിനാൽ 04-1 യാത്രബത്ത ഇനത്തിൽ 10 ലക്ഷം രൂപയും 04-2- സ്ഥലമാറ്റബത്ത ഇനത്തിൽ 3 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 43)

സർക്കാർ സ്വീകരിച്ച നടപടി

2515-00-001-48 എന്ന ശീർഷകത്തിലെ 04-1 യാത്രാബത്ത 04-2 സ്ഥലമാറ്റബത്ത ഇനത്തിൽ 2015-16 വർഷം യഥാക്രമം 8,50,000 രൂപയും 27,000 രൂപയും അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നം. 10852/എഫ്.എം.2/15/തസ്വഭവ, 15-10-2016)

ശിപാർശ

2515-00-001-49- എൻ.ഇ.എസ്. പാറ്റേണിൽ ഉദ്യോഗസ്ഥൻമാരെ നിലനിർത്തുന്നതിനുള്ള ആവർത്തന ചെലവ്.

എൻ.ഇ.എസ്. മാതൃകയിലുള്ള 144 ബ്ലോക്കുകളിൽ അസിസ്റ്റന്റ് ഡവലപ്പമെന്റ് കമ്മീഷണർ, ബി.ഡി.ഒ. തുടങ്ങിയ ഉദ്യോഗസ്ഥൻമാരെ നിലനിർത്തുന്നതിനുള്ള ശമ്പളം, യാത്രാബത്ത, ഓഫീസ് ചെലവുകൾ, വാഹനങ്ങളുടെ പരിപാലനം, ഇന്ധന ചെലവ്, തുടങ്ങിയ ആവർത്തന ചെലവുകൾക്കാണ് ഈ ശീർഷകത്തിൽ തുക വകയിരുത്തുന്നത്. ഈ ശീർഷകത്തിലെ 04-1- യാത്രാബത്ത, 04-2-സ്ഥലമാറ്റബത്ത എന്നീ ഇനങ്ങളിൽ 2013-14 സാമ്പത്തിക വർഷം മുതലുള്ള പെൻഡിംഗ് ക്ലെയിമുകൾ തീർപ്പാക്കുന്നതിലേക്ക് യഥാക്രമം 30 ലക്ഷം രൂപയും 10 ലക്ഷം രൂപയും ആവശ്യമായതിനാൽ ഈ ഇനങ്ങളിൽ നടപ്പ് വർഷത്തേക്ക് അനുവദിച്ച ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത കുടിശ്ശികകൾ തീർക്കുന്നതിലേക്ക് ഈ ശീർഷകത്തിൽ 40,00,000(30 ലക്ഷം + 10 ലക്ഷം) അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 44)

സർക്കാർ സ്വീകരിച്ച നടപടി

2515-00-001-49 എന്ന ശീർഷകത്തിലെ യാത്രാബത്ത, സ്ഥലമാറ്റബത്ത എന്നീ ഇനങ്ങളിൽ 2015-16 വർഷം ബജറ്റിൽ വകയിരുത്തിയിരുന്നത് യഥാക്രമം 25,00,000 രൂപയും 8,00,000 രൂപയുമാണ് ലഭിച്ചത്. ഈ ഇനത്തിൽ കൂടുതൽ തുകയൊന്നും ലഭ്യമായിട്ടില്ല.

(സർക്കാർ കത്ത് നം. 10852/എഫ്.എം.2/15/തസ്വഭവ, 15-10-2016)

ശിപാർശ

2515-00-001-50- ഗ്രാമവികസന പരിപാടികളുടെ മേൽനോട്ടം

ഈ ശീർഷകത്തിലെ 34- മറ്റ് ചെലവുകൾ എന്ന ഇനത്തിൽ നടപ്പ് സാമ്പത്തിക വർഷത്തേക്ക് 1,000 രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ആധുനികവൽക്കരണത്തിന്റെ ഭാഗമായി ഫർണിച്ചർ, കമ്പ്യൂട്ടർ ടേബിൾ തുടങ്ങിയവ വാങ്ങുന്നതിലേക്ക് 5,00,000 രൂപ ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 34 - മറ്റ് ചെലവുകൾ എന്ന ഇനത്തിൽ 5,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 45)

സർക്കാർ സ്വീകരിച്ച നടപടി

ഈ ശീർഷകത്തിലെ 34-മറ്റ് ചെലവുകൾ എന്ന ഇനത്തിൽ 2015-16 വർഷം വകയിരുത്തിയ 1,000 രൂപയിൽ കൂടുതലായി ഫണ്ട് ഒന്നും ലഭ്യമാക്കിയിട്ടില്ല

(സർക്കാർ കത്ത് നം. 10852/എഫ്.എം.2/15/തസ്വഭവ, 15-10-2016)

ശിപാർശ

2515-00-003-50- ഗ്രാമസേവക പരിശീലന കേന്ദ്രങ്ങൾ (ഇ.റ്റി.സി)

ഗ്രാമവികസന വകുപ്പിലെ വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥർ, ത്രിതലപഞ്ചായത്ത് ജനപ്രതിനിധികൾ, വകുപ്പുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾ തുടങ്ങിയവർക്ക് സാങ്കേതികയും ഭരണപരവുമായ ശേഷി വർദ്ധനവിനുതകുന്ന തരത്തിൽ പരിശീലനം നൽകുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടെയാണ് വകുപ്പിന് കീഴിൽ കൊട്ടാരക്കര, മണ്ണുത്തി, തളിപ്പറമ്പ് എന്നിവിടങ്ങളിൽ ഗ്രാമസേവക പരിശീലന കേന്ദ്രങ്ങൾ ആരംഭിച്ചത്. ഈ പരിശീലന കേന്ദ്രങ്ങളുടെ നടത്തിപ്പിനാണ് ഈ ശീർഷകത്തിൽ തുക വകയിരുത്തുന്നത്. പ്രസ്തുത പരിശീലന കേന്ദ്രങ്ങൾക്ക് കെട്ടിടനികുതി ഇനത്തിൽ 5,00,000 രൂപയുടെ കടിശ്ശികയുള്ളത് തീർപ്പാക്കുന്നതിലേക്ക് 06-വാടക, കരം, നികുതി എന്ന ശീർഷകത്തിൽ നിലവിലെ ബജറ്റ് വിഹിതമായ 1,000 രൂപയ്ക്കു പുറമേ 5,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 46)

സർക്കാർ സ്വീകരിച്ച നടപടി

2015-16 വർഷം റീഅപ്രോപ്രിയേഷൻ പ്രകാരം ആകെ 4,60,000 രൂപ അനുവദിച്ചിരുന്നു. എങ്കിലും സാമ്പത്തിക വർഷത്തിലെ അവസാന ദിനം 31-3-2016 -ലെ GO(Rt)3247/2016/Fin ഉത്തരവ് പ്രകാരം അനുവദിച്ച 4,23,000 രൂപ സമയ പരിധിയ്ക്കുള്ളിൽ വിനിയോഗിക്കാൻ കഴിയാതെ വന്നു. 37,017 രൂപ ചെലവഴിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നം. 10852/എഫ്.എം.2/15/തസ്വഭവ, 15.10.2016)

ശിപാർശ

2515-00-102-42- പട്ടുനൂൽ കൃഷി വികസന പദ്ധതി

മൾബറി കൃഷിക്കും പട്ടുനൂൽപ്പുഴു വളർത്തലിനും വേണ്ട അടിസ്ഥാന സജ്ജീകരണങ്ങൾ ചെയ്യുവാൻ കർഷകരെ പ്രാപ്തരാക്കുകയും ശാസ്ത്രീയമായ കൃഷിരീതികളിലൂടെ പരമാവധി കൊള്ളുൺ ഉൽപാദനം ഉറപ്പുവരുത്തുകയും അതുവഴി ഗ്രാമീണ മേഖലയിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. കേന്ദ്ര സംസ്ഥാന സഹകരണത്തോടെ നടപ്പിലാക്കിവരുന്ന പട്ടുനൂൽ കൃഷി വികസന പദ്ധതിയുടെ നടത്തിപ്പിനായി നടപ്പുവർഷം സംസ്ഥാന വിഹിതമായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത് വെറും 1,000 രൂപയാണ്. പദ്ധതി നടത്തിപ്പിലേക്ക് ആനുപാതികമായ കേന്ദ്ര വിഹിതം ലഭിക്കുന്നതിനുവേണ്ടി മേൽ ശീർഷകത്തിൽ 1,93,76,000 രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 47)

സർക്കാർ സ്വീകരിച്ച നടപടി

തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നം. 10852/എഫ്.എം.2/15/തസ്വഭവ, 15-10-2016)

ശിപാർശ

2515-00-102-83- മൂവാറ്റുപുഴയിലെ ഗവൺമെന്റ് ട്രാൻസ്പോർട്ട് ഉപകരണ സംഘടന

ഗ്രാമവികസന വകുപ്പിന്റെ വാഹന അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ആവശ്യമായ സ്പെയറുകൾ നൽകുന്നതിനും വേണ്ടി എറണാകുളം അസിസ്റ്റന്റ് കമ്മീഷണറുടെ ഭരണ നിയന്ത്രണത്തിലും ഫോർമാന്റെ സാങ്കേതിക മേൽനോട്ടത്തിലും പ്രവർത്തിക്കുന്ന സ്ഥാപനമാണ് മൂവാറ്റുപുഴയിലെ ഗവൺമെന്റ് ട്രാൻസ്പോർട്ട് ഉപകരണ സംഘടന ഈ സംഘടനയ്ക്ക് കെട്ടിട നികുതി കുടിശ്ശിക ഇനത്തിൽ General Transport & Equipments Organization-ന് കുടിശ്ശികയായ 46,200 രൂപ നൽകുന്നതിലേക്ക് 06-വാടക, കരം, നികുതി എന്ന ഇനത്തിൽ നിലവിലെ വിഹിതമായ 1,000 രൂപയ്ക്കു പുറമെ 47,000 രൂപ കൂടി അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 48)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കെട്ടിട നികുതി ഇനത്തിൽ (06 RRT) 2015-16 വർഷത്തിൽ ബജറ്റ് വിഹിതമായി 1,000 രൂപയ്ക്കു പുറമേ റീ അപ്രോപ്രിയേഷൻ പ്രകാരം 32,000 രൂപ അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നം. 10852/എഫ്.എം.2/15/തസ്വഭവ, 15-10-2016)

**ഭാഗം-II**

7-7-2016-ലെ ബുള്ളറ്റിൻ ഭാഗം 2 (നമ്പർ 25) പ്രകാരം സബ്ജക്ട് കമ്മിറ്റി XIV-ൽ നിന്നും കൈമാറി ലഭിച്ചത്.

(2015-16-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV -ന്റെ 5-മത് റിപ്പോർട്ടിലെ ഖണ്ഡിക 114 മുതൽ 122 വരെ)

**ധനാഭ്യർത്ഥന XXV- ന്യൂനപക്ഷ ക്ഷേമം**

<u>ശിപാർശ</u>

2225-04-001-99- <u>ന്യൂനപക്ഷ ക്ഷേമം - ഭരണവും നടത്തിപ്പും</u>

ഈ ശീർഷകത്തിൽ ശമ്പളം, യാത്രാബത്ത, വൈദ്യുതച്ചെലവ്, വാടക-കരം-നികുതി, ചെറുകിട മരാമത്തു പണികൾ, മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും എന്നീ കണക്കിനങ്ങളിൽ ലഭിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ പ്രസ്തുത ഇനങ്ങളിൽ യഥാക്രമം 10,00,000 രൂപ, 25,000 രൂപ, 3,00,000 രൂപ, 2,00,000 രൂപ, 20,000 രൂപ വീതം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 114)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2225-04-001-99-04-1(NP) (യാത്രാബത്ത) ശീർഷകത്തിൽ 50,000 രൂപയും 2225-04-01-99-12(NP) (മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും) ശീർഷകത്തിൽ 1.06 ലക്ഷം രൂപയും അധികമായി അനുവദിച്ചിട്ടുണ്ട്. മറ്റു ശീർഷകങ്ങളിൽ അധിക തുക ആവശ്യമായി വന്നിട്ടില്ലാത്തതിനാൽ ആയത് അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നം. 11483/എം.ഡബ്ല്യു1/15/പൊ.ഭ.വ, 26-9-2016)

ശിപാർശ

2225-04-001-99-12 - സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും

വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാനുള്ള വരുമാനപരിധി ഉയർത്തിയിട്ടുള്ളതിനാൽ മുൻവർഷത്തേക്കാൾ അപേക്ഷകരുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടാകാൻ സാധ്യതയുള്ളത് കണക്കിലെടുത്ത് ഈ ശീർഷകത്തിൽ 2,00,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 115)

സർക്കാർ സ്വീകരിച്ച നടപടി

അധിക തുക ആവശ്യം വന്നിട്ടില്ലാത്തതിനാൽ അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നം. 11483/എം.ഡബ്ല്യു1/15/പൊ.ഭ.വ, 26-9-2016)

ശിപാർശ

2225 -04 -102-91 - കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ

31 - സഹായധനം - ശമ്പളം

ക്ഷാമബത്താവർദ്ധനവ്, ഇൻക്രിമെന്റ്, ശമ്പള പരിഷ്കരണം മൂലമുണ്ടാകുന്ന വേതന വർദ്ധനവ്, യാത്രാബത്ത ഇനത്തിലുള്ള ചെലവ് എന്നിവ വഹിക്കുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 27,00,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 116)

സർക്കാർ സ്വീകരിച്ച നടപടി

അധിക തുക ആവശ്യം വന്നിട്ടില്ലാത്തതിനാൽ അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നം. 11483/എം.ഡബ്ല്യു1/15/പൊ.ഭ.വ, 26.09.2016)

ശിപാർശ

36 -സഹായധനം - ശമ്പളേതരം

കമ്മീഷൻ അംഗങ്ങളുടെ ഫ്യൂവൽ അലവൻസ്, ഓഫീസ് കെട്ടിട വാടക, സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുന്നതിനുള്ള ചെലവ് തുടങ്ങിയവയ്ക്ക് ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 33,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 117)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

അധിക തുക ആവശ്യം വന്നിട്ടില്ലാത്തതിനാൽ അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നം. 11483/എം.ഡബ്ല്യു1/15/പൊ.ഭ.വ, 26-9-2016)

<u>ശിപാർശ</u>

2225-04-102-94- <u>ന്യൂനപക്ഷ ക്ഷേമ പ്രൊമോട്ടർമാരുടെ ഉൾപ്പെടുത്തൽ</u>

1000 ന്യൂനപക്ഷക്ഷേമ പ്രൊമോട്ടർമാർക്ക് പ്രതിമാസം 4000 രൂപ ഓണറേറിയം ഇനത്തിൽ നൽകുന്നതിന് 4,80,00,000 രൂപ ഒരു വർഷം ചെലവു വരുന്നതിനാൽ ഈ ശീർഷകത്തിൽ 4,80,00,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 118)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ന്യൂനപക്ഷക്ഷേമ പ്രൊമോട്ടർമാരെ നിയമിച്ചിട്ടില്ലാത്തതിനാലും തുക ആവശ്യമായി വരാത്തതിനാലും അധിക തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നം. 11483/എം.ഡബ്ല്യു1/15/പൊ.ഭ.മ, 26-9-2016)

<u>ശിപാർശ</u>

2225-04-102-93- <u>ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ ജലവിതരണ പദ്ധതി</u>

ന്യൂനപക്ഷ കേന്ദ്രീകൃത മേഖലകളിൽ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുള്ള ഈ പദ്ധതി പ്രകാരം മുൻവർഷം നിരവധി അപേക്ഷകൾ ലഭിച്ചിരുന്നു. ഈ വർഷവും കൂടുതൽ അപേക്ഷകൾ പ്രതീക്ഷിക്കുന്നതിനാൽ ഈ ശീർഷകത്തിൽ 9,60,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 119)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

അധിക തുക ആവശ്യമായി വന്നിട്ടില്ലാത്തതിനാൽ അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നം. 11483/എം.ഡബ്ല്യു1/15/പൊ.ഭ.വ, 26.09.2016)

ശിപാർശ

2225-04-283-99- ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ട വിധവകൾക്ക് ഭവന പദ്ധതി

ബജറ്റ് വിഹിതമായി അനുവദിച്ച തുക അർഹരായ എല്ലാ അപേക്ഷകർക്കും ധനസഹായം നൽകുന്നതിന് പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 10,00,00,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 120)

സർക്കാർ സ്വീകരിച്ച നടപടി

അധിക തുക ആവശ്യമായി വന്നിട്ടില്ലാത്തതിനാൽ അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നം. 11483/എം.ഡബ്ല്യൂ1/15/പൊ.ഭ.വ, 26-9-2016)

ശിപാർശ

2225-04-800-98- മദ്രസ അദ്ധ്യാപകർക്കുള്ള ക്ഷേമനിധി-നിക്ഷേപത്തിന്മേൽ പലിശ നഷ്ടത്തിനുള്ള നഷ്ട പരിഹാരം

മദ്രസ്സാദ്ധ്യാപക ക്ഷേമ നിധിയിലേക്ക് കോർപ്പസ് ഫണ്ട് ഇനത്തിൽ സർക്കാർ നൽകിയ 10 കോടി രൂപ പലിശരഹിത അക്കൗണ്ടിലേക്ക് മാറ്റിയതിനാൽ പലിശ ഇനത്തിൽ നഷ്ടമാകുന്ന തുകയ്ക്ക് ആനുപാതികമായ തുക സർക്കാർ ഗ്രാന്റിനത്തിൽ നൽകുന്നതിനും നടപ്പുവർഷം അംഗങ്ങൾക്ക് പെൻഷൻ നൽകിത്തുടങ്ങേണ്ടതിനാൽ വരുന്ന ചെലവിനും അധികതുക ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 6,00,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 121)

സർക്കാർ സ്വീകരിച്ച നടപടി

3,75,33,000 രൂപ അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നം. 11483/എം.ഡബ്ല്യൂ1/15/പൊ.ഭ.വ, 26-9-2016)

ശിപാർശ

4225-04-190-99- കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ ഓഹരി മൂലധനം

പ്രഖ്യാപിക്കപ്പെട്ട വിവിധ പദ്ധതികളിലേയ്ക്ക് കൂടുതൽ വായ്പാ ധനസഹായം നൽകുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമാകയാൽ ഈ ശീർഷകത്തിൽ 10,00,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 122)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ബഡ്ജറ്റിൽ അനുവദിച്ചിരുന്ന തുകയായ 10 കോടി രൂപയ്ക്കു പുറമേ ലഡ്ജർ അക്കൗണ്ടിൽ സൂക്ഷിച്ചിരുന്ന 5 കോടി രൂപയും ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നം. 11483/എം.ഡബ്ല്യു1/15/പൊ.ഭ.വ, 26-9-2016)

**ഭാഗം - III**

2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 5-ാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റ് ലഭിക്കാത്ത ശിപാർശകളുടെ വിവരങ്ങൾ

| ധനാഭ്യർത്ഥന | വകുപ്പ് | ശിപാർശകൾ/ഖണ്ഡികകൾ |
|---|---|---|
| XXI | ഭവന നിർമ്മാണം | 2,4,5,6,7,11,12,13,14,15,16,17, 18,19,20,21,22 (17 എണ്ണം) |

ഡോ. കെ. ടി. ജലീൽ,

*ചെയർമാൻ,*

*സബ്ജക്ട് കമ്മിറ്റി IX.*

തിരുവനന്തപുരം,

17-10-2016.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.